കോമേഴ്സ് ബി. എഡ്. കോഴ്സുകൾ

*13 [849] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ്ടു സ്കൂളുകളിൽ കോമേഴ്സ് ഐച്ഛികവിഷയമായി എടുത്തിട്ടുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ കോമേഴ്സ് ബി. എഡ്. ബിരുദധാരികൾ കുറവാണെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ കുറവ് പരിഹരിക്കുവാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള ബി. എഡ്. കോളേജുകളിൽ എത്രയിടങ്ങളിൽ കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നടത്തുന്നുണ്ടെന്നറിയാമോ;

(ഡി) ഇത് കുറവാണെങ്കിൽ അടുത്ത അദ്ധ്യയനവർഷം മുതൽ നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ കോളേജുകളിൽ ആവശ്യാനുസരണം കോമേഴ്സ് ബി. എഡ്. കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) കോമേഴ്സ് വിഷയത്തിൽ ബി. എഡ്. ബിരുദധാരികൾ കുറവാണ് എന്ന വസ്തുത കണക്കിലെടുത്ത് കോമേഴ്സിൽ ബിരുദാനന്തരബിരുദം നേടിയിട്ടുള്ള (50%-ത്തിൽ കുറയാതെ മാർക്കോടുകൂടിയ) വരെ നിയമനത്തീയതി മുതൽ മൂന്നു വർഷത്തിനുള്ളിൽ ബി. എഡ്. ബിരുദമെടുത്തിരിക്കണമെന്ന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. 2001-ലെ നിയമനത്തിനുള്ള സ്റ്റാറ്റ്യൂട്ടറി നിയമന ചട്ടങ്ങൾ പ്രകാരം ഈ കാലയളവ് നിയമനത്തീയതി മുതൽ അഞ്ചുവർഷം വരെയായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ താഴെപ്പറയുന്ന എയ്ഡഡ് കോളേജുകളിൽ കോമേഴ്സിൽ ബി. എഡ്. ബിരുദ കോഴ്സുകൾ നടത്തിവരുന്നു:

(1) കർമ്മലാ റാണി ട്രെയിനിംഗ് കോളേജ്, കൊല്ലം.
(2) മൗണ്ട് ടാഗോർ ട്രെയിനിംഗ് കോളേജ്, പത്തനാപുരം.
(3) എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ്, പന്തളം.
(4) പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, മാവേലിക്കര.

കൂടാതെ യൂണിവേഴ്സിറ്റി നേരിട്ട് നടത്തിവരുന്ന താഴെപ്പറയുന്ന സ്ഥലങ്ങളിലുള്ള യൂണിവേഴ്സിറ്റി ബി. എഡ്. ട്രെയിനിംഗ് സെന്ററുകളിലും കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നടത്തി വരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ല: (1) കുമാരപുരം, (2) കണിയാപുരം
കൊല്ലം ജില്ല: കുളക്കട
ആലപ്പുഴ ജില്ല: ആര്യാട്

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഏഴ് അഫിലിയേറ്റഡ് കോളേജുകളിലും നാലു യൂണിവേഴ്സിറ്റി സെന്ററുകളിലും കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നടത്തി വരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേയും കീഴിൽ കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നിലവിലുള്ള ബി. എഡ്. കോളേജുകളുടെ വിവരം ശേഖരിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) നിലവിൽ കോമേഴ്സ് വിഷയത്തിൽ ബി. എഡ്. കോഴ്സ് നടത്തുന്ന ട്രെയിനിംഗ് കോളേജുകൾ ആവശ്യാനുസരണം ഉണ്ട് എന്നതിനാൽ ചോദ്യം പ്രസക്തമല്ല.

"വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻവേണ്ട നടപടി"

*14 [850] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്ക്കരണത്തിന്റെയും ലോകതലത്തിലുള്ള മത്സരത്തിന്റേയും കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അപര്യാപ്തവും വളരെ പിന്നിലാണ് എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ സുരക്ഷിതമായ അദ്ധ്യാപന രീതിയുടെ അഭാവത്താൽ വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാകുമെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അദ്ധ്യയനരീതി ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നൂതന വിഷ്വൽ ഐ.റ്റി. ഉപകരണങ്ങളുടെ ഉപയോഗം എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ശാസ്ത്ര-സാങ്കേതിക വിഷയങ്ങളെ അധികരിച്ച് ലോകനിലവാരം പുലർത്തുന്ന സി. ഡി.-കളും അനുബന്ധ സാമഗ്രികളും പഠന ഉപാധികളായി സ്കൂളുകളിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ നിലവാരം കാര്യക്ഷമമായി വിലയിരുത്തുവാൻ തക്കനിലയിൽ പരീക്ഷാചോദ്യങ്ങൾ ഏകീകൃത ഭാവത്തിൽ തയ്യാറാക്കി എല്ലാ സ്കൂളുകൾക്കും നൽകി പരീക്ഷകൾ നടത്തുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly